WRITTEN ANSWERS

മദ്യനിരോധനം

* 625. [15] ശ്രീ. പി. കെ. അബ്ദുൽഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഖിലേന്ത്യാ മദ്യനിരോധനകൗൺസിൽ രാജ്യത്ത് മദ്യനിരോധനം വിജയകരമായി നടപ്പിലാക്കുന്നതിന് ഇന്ന് തികച്ചും അനുകൂലമായ സാഹചര്യമാണുള്ളതെന്ന് അഭിപ്രായപ്പെട്ടിട്ടുള്ളത് ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മദ്യനിരോധനം സംബന്ധിച്ച് കേരള സർക്കാർ പുതുതായി വല്ല നടപടികളും സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ):

(എ) അപ്രകാരം അഭിപ്രായപ്പെട്ടതായി അറിവില്ല.

(ബി) ഇൻഡ്യാ ഗവണ്മെന്റ് നിയമിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് കിട്ടിയതിനുശേഷം മദ്യനിരോധനത്തിന്റെ എല്ലാവശങ്ങളെപ്പറ്റിയും ആലോചിക്കുന്നതാണ്.

രജിസ്റ്റേർഡ് ട്രേയിഡ് യൂണിയനുകൾ

* 626. [16] ശ്രീ. എം. എം. മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1963 ഡിസംബർ 31 വരെ സംസ്ഥാനത്ത് എത്ര രജിസ്റ്റേർഡ് ട്രേയിഡ് യൂണിയനുകൾ ഉണ്ട്;

(ബി) അതിലെല്ലാംകൂടി എത്ര തൊഴിലാളികൾ ഉണ്ട്;

(സി) 1963–64 വർഷത്തിൽ എത്ര ട്രേയിഡ് യൂണിയനുകൾ പുതുതായി രജിസ്റ്റർ ചെയ്തിട്ടുണ്ട്?

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ):

(എ) 1734.

(ബി) 1962–63–ലെ വാർഷിക കണക്കുകൾ സമർപ്പിച്ചിട്ടുള്ള യൂണിയനുകളുടെ മൊത്തം അംഗസംഖ്യ 205645 ആകുന്നു.

(സി) 97.

കേരളാ വാട്ടർ ട്രാൻസ്പോർട്ട് വകുപ്പിലെ നിയമനം

* 627. [17] ശ്രീ. കെ. സി. ഏബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ വാട്ടർ ട്രാൻസ്പോർട്ട വകുപ്പിൽ, ആ വകുപ്പിലെ പല ജീവനക്കാരുടേയും സീനിയോറിട്ടി അവഗണിച്ചുകൊണ്ട് പുറമെ നിന്ന് ഒരു നിയമനം നടത്തുകയുണ്ടായോ;

(ബി) ഉണ്ടെങ്കിൽ ആരെയാണ് നിയമിച്ചത്;

(സി) ഇതിനെ ആ വകുപ്പിലെ തൊഴിലാളികൾ പ്രതിഷേധിച്ചിട്ടുണ്ടോ;

(ഡി) ആ വകുപ്പിലെ ജീവനക്കാരുടെ ന്യായമായ പ്രമോഷനും മറ്റും തടസ്സമാകത്തക്ക നിയമനങ്ങൾ നടത്താതിരിക്കുന്നതിന് ശ്രദ്ധിക്കുമോ?

തൊഴിലും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ):

(എ) നിർത്തലാക്കിയ, ചാലക്കുടി ഫോറസ്റ്റ് ട്രാംവേയിസിലെ, ഒരു ഉദ്യോഗസ്ഥനെ താൽക്കാലികമായി വാട്ടർ ട്രാൻസ്പോർട്ട വകുപ്പിൽ നിയമിച്ചിട്ടുണ്ട്.

(ബി) ശ്രീ. കെ. സി. മാസ്റ്ററമേനോനെയാണ് നിയമിച്ചിട്ടുള്ളത്.

(സി) ഉണ്ട്.

(ഡി) ശ്രദ്ധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly